**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയർ ശ്രീമതി സൗമിനി ജെയിന് മലേഷ്യയിലേക്കുള്ള യാത്രക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.326/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 03.02.2018.

==========================================================

പരാമർശം:- കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 01.02.2018-ലെ എം.ഒ.സി8/529/16 നമ്പർ കത്ത്.

**ഉത്തരവ്**

2018 ഫെബ്രുവരി 7 മുതൽ 13 വരെ മലേഷ്യയിലെ കോലാലംപൂരിൽ വച്ച് സംഘടിപ്പിക്കുന്ന വേൾഡ് അർബൺ ഫോറത്തിൽ പങ്കെടുക്കുന്നതിനും പാനൽ പ്രസംഗികയാകുവാനും കൊച്ചി മേയർക്ക് ക്ഷണം ലഭിച്ചിട്ടുണ്ടെന്നും ആയതിലേക്ക് പങ്കെടുക്കുന്നതിനായി യാത്രക്ക് അനുമതി നൽകണമെന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി പരാമർശം കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും യാത്ര സംബന്ധിച്ച് നഗരസഭക്ക് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകരുതെന്ന നിബന്ധനയോടെ 2018 ഫെബ്രുവരി 7 മുതൽ 13 വരെ മലേഷ്യയിലെ കോലാലംപൂരിൽ വച്ച് സംഘടിപ്പിക്കുന്ന വേൾഡ് അർബൺ ഫോറത്തിൽ പങ്കെടുക്കുന്നതിനായി കൊച്ചി മേയർ ശ്രീമതി സൗമിനി ജെയിന് യാത്രാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സിനി.ജെ.ഷുക്കൂർ**

ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി സൗമിനി ജയിൻ, മേയർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
അക്കൗണ്ട് ജനറൽ (A&E/Audit) തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ